# CSB Bank

## സി.എസ്.ബി ബാങ്ക് ലിമിറ്റഡിന്റെ 101-ാമത് വാർഷിക പൊതുയോഗം സംബന്ധിച്ച അറിയിപ്പ്

1. സി.എസ്.ബി ബാങ്ക് ലിമിറ്റഡിന്റെ 101- ാമത് വാർഷിക പൊതുയോഗം 2022 സെപ്റ്റംബർ 27-ാം തീയതി ഇന്ത്യൻ സമയം രാവിലെ 11 ന് കമ്പനീസ് ആക്ട് 2013, കമ്പനികാര്യ മന്ത്രാലയം പുറപ്പെടുവിച്ച 2020 മെയ് 5-ാം തീയതിയിലെ ജനറൽ സർക്കുലർ 2/ 2020, 2021 ജനുവരി 13-ാം തീയതിയിലെ ജനറൽ സർക്കുലർ 2/ 2021, ഡിസംബർ 8-ാം തീയതിയിലെ ജനറൽ സർക്കുലർ 19/2021, ഡിസംബർ 14-ാം തീയതിയിലെ ജനറൽ സർക്കുലർ 21/2021, 2022 മെയ് 5-ാം തീയ്യതിയിലെ ജനറൽ സർക്കുലർ 2/2022 (എല്ലാം ചേർന്ന് **MCA സർക്കുലറുകൾ**) സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ **(SEBI)** പുറപ്പെടുവിച്ച 2020 മെയ് 12-ാം തീയ്യതിയിലെയും 2021 ജനുവരി 15-ാം തീയ്യതിയിലെയും 2022 മെയ് 13-ാം തീയ്യതിയിലെയും സർക്കുലറുകൾ (എല്ലാം ചേർന്ന് **SEBI സർക്കുലറുകൾ**) കേന്ദ്ര സർക്കാർ, കമ്പനികാര്യ മന്ത്രാലയം **(MCA)**, സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ **(SEBI)** മുതലായവ പുറപ്പെടുവിച്ചിട്ടുള്ളതും മറ്റു ബാധകമായിട്ടുള്ള നിയമങ്ങൾ, സർക്കുലറുകൾ എന്നിവയ്ക്ക് അനുസൃതമായ വാർഷിക പൊതുയോഗ നോട്ടീസിൽ പ്രസ്താവിക്കുന്ന ഇടപാടുകൾ/ നയകാര്യങ്ങൾ നടത്തുവാനായി സാധാരണ ഒരു പൊതുവേദിയിൽ ഓഹരിയുടമകളുടെ ശാരീരിക സാന്നിദ്ധ്യത്തിൽ നടന്നു വന്നിരുന്നതിന് പകരം വീഡിയോ കോൺഫറൻസിംഗ് **(VC)**/ മറ്റു ശബ്ദദൃശ്യ സംവിധാനങ്ങൾ **(OAVM)** നടത്തുന്നതാണെന്ന് ഓഹരിയുടമകളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.
2. മേൽപ്പറഞ്ഞ സർക്കുലറുകൾ പാലിച്ചുകൊണ്ട് 2021- 2022 സാമ്പത്തിക വർഷത്തിലെ വാർഷിക റിപ്പോർട്ടിന്റെയും വാർഷിക പൊതുയോഗം നോട്ടീസിന്റെയും ഇലക്ട്രോണിക് പകർപ്പുകൾ ഇമെയിൽ വിലാസം ബാങ്കിലോ രജിസ്ട്രാർ ആൻഡ് ഷെയർ ട്രാൻസ്ഫർ ഏജന്റ് **(RTA)** പക്കലോ ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റിന്റെ പക്കലോ രജിസ്റ്റർ ചെയ്തിട്ടുള്ള ഓഹരി ഉടമകൾക്ക് അയച്ചിട്ടുള്ളതാണ്. 101-ാമത് വാർഷിക പൊതുയോഗം നോട്ടീസ് 2021-22 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് എന്നിവ ബാങ്കിന്റെ വെബ്സൈറ്റ് ആയ https://www.csb.co.in ലെ 'Investor Relations' വിഭാഗത്തിലും സ്റ്റോക്ക് എക്സ്ചേഞ്ചുകളായ BSE ലിമിറ്റഡിന്റെ https://www.bseindia.com എന്ന വെബ്സൈറ്റിലും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ https://nseindia.com എന്ന വെബ്സൈറ്റിലും CDSLന്റെ https://www.evoting.nsdl.com എന്ന വെബ്സൈറ്റിലും ലഭ്യമാണ്. വാർഷിക പൊതുയോഗ നോട്ടീസ് ഇമെയിൽ വഴി അയക്കുന്ന പ്രക്രിയ 2022 സെപ്തംബർ 04 ന് പൂർത്തീകരിച്ചിട്ടുള്ളതാണ്.
3. ഓഹരി ഉടമകൾക്ക് VC/OAVM സൗകര്യത്തിലൂടെ മാത്രം വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാവുന്നതാണ് അപ്രകാരം വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ പൊതുയോഗ നോട്ടീസിൽ പ്രതിപാദിച്ചിട്ടുണ്ട്. അപ്രകാരം യോഗത്തിൽ പങ്കെടുക്കുന്ന ഓഹരി ഉടമകളെ കമ്പനീസ് ആക്ട് 2013, 103-ാം വകുപ്പ് പ്രകാരം ക്വാറം കണക്കാക്കുന്നതിൽപ്പെടുത്തുന്നതാണ്.

## ഇ-വോട്ടിംഗ് സംബന്ധിച്ച വിവരങ്ങൾ

4. കമ്പനീസ് ആക്ട് 108-ാം വകുപ്പ്, കമ്പനീസ് (മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ) റൂൾസ് 2014 ലെ റൂൾ 20, SEBI (ലിസ്റ്റിംഗ് ഒബ്ലിഗേഷൻസ് ആൻഡ് ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്) റെഗുലേഷൻസ് 2015, 44ാം റെഗുലേഷൻ ആയതിൻ ഭേദഗതികൾ ഉള്ള പക്ഷം അവ പ്രകാരവും വാർഷിക പൊതുയോഗ നോട്ടീസിൽ പ്രസ്താവിച്ചിട്ടുള്ള ഇടപാടുകൾ /നയകാര്യങ്ങൾ എന്നിവയിൽ മേൽ ഓരോന്നായോ മൊത്തമായോ വോട്ട് രേഖപ്പെടുത്തുന്നതിനായി ഷെയറുകൾ കടലാസ് രൂപത്തിൽ കൈവശമുള്ളവരും ഡീമാറ്റ് ചെയ്തവരും ആയ ഓഹരി ഉടമകൾക്ക് ബാങ്ക് ഇലക്ട്രോണിക് സംവിധാനങ്ങൾ പ്രകാരം ഇ-വോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതും ആയതിനായി സെൻട്രൽ ഡിപ്പോസിറ്ററി സർവീസസ് (ഇന്ത്യ) ലിമിറ്റഡ് (CDSL) നെ നിയമിച്ചിട്ടുള്ളതുമാണ്. വോട്ടുകൾ രേഖപ്പെടുത്തുന്നതിനായി ഓഹരി ഉടമകൾ www.evotingindia.com എന്ന വെബ് ലിങ്ക് ഉപയോഗിക്കുവാൻ നിർദ്ദേശിക്കുന്നു.
5. കട്ട് ഓഫ് തീയതിയായ 2022 സെപ്തംബർ 20-ാം തീയതി ഡീമാറ്റ് ഓഹരികൾ, കടലാസ് രൂപത്തിലുള്ള ഓഹരികൾ എന്നിവ കൈവശമുള്ള ഓഹരി ഉടമകൾക്ക് വാർഷിക പൊതുയോഗ നോട്ടീസിൽ പറഞ്ഞിട്ടുള്ളതും താഴെ വിശദമായി പ്രസ്താവിച്ചിട്ടുള്ളതുമായ നയകാര്യങ്ങളിൽ വിദൂര ഇ-വോട്ടിംഗ് സംവിധാനത്തിലൂടെ വോട്ട് രേഖപ്പെടുത്താവുന്നതാണ്.

| | | |
|---|---|---|
| (a) | ഇലക്ട്രോണിക് വോട്ടിങ്ങിലൂടെ പൂർത്തീകരിക്കേണ്ടുന്ന നയ കാര്യങ്ങൾ | 2022 സെപ്തംബർ 03-ാം തീയതിയിലെ നോട്ടീസിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ ഇലക്ട്രോണിക് വോട്ടിങ്ങിലൂടെ നടത്താവുന്നതാണ്. |
| (b) | വാർഷിക പൊതുയോഗ നോട്ടീസ് അയക്കുന്നത് പൂർത്തിയായ തീയതി | സെപ്തംബർ 04, 2022 |
| (c) | വിദൂര/ ഇ - വോട്ടിംഗ് അർഹത തീരുമാനിക്കാനുള്ള കട്ട് ഓഫ് തീയതി | സെപ്തംബർ 20, 2022 |
| (d) | വിദൂര/ ഇ - വോട്ടിംഗ് ആരംഭിക്കുന്ന സമയവും തീയതിയും | സെപ്തംബർ 23, 2022 വെള്ളി രാവിലെ 9 മണി മുതൽ |
| (e) | വിദൂര/ ഇ- വോട്ടിംഗ് അവസാനിക്കുന്ന സമയവും തീയതിയും | സെപ്തംബർ 26, 2022 തിങ്കൾ വൈകീട്ട് 5 മണി വരെ |
| (f) | സെപ്തംബർ 26, 2022 ഇന്ത്യൻ സമയം വൈകിട്ട് 5 മണിക്ക് ശേഷം വിദൂര/ ഇ-വോട്ടിംഗ് സംവിധാനം CDSL മരവിപ്പിക്കുന്നതാണ്. പ്രമേയങ്ങളിൽ മേൽ ഓഹരി ഉടമ ഒരിക്കൽ വോട്ട് രേഖപ്പെടുത്തിയാൽ പിന്നീട് മാറ്റം വരുത്താൻ പറ്റാത്തതുമാണ്. | |
| (g) | വാർഷിക പൊതുയോഗ നോട്ടീസ് പ്രദർശിപ്പിച്ചിട്ടുള്ള ബാങ്കിന്റെയും ഏജൻസിയുടെയും വെബ്സൈറ്റ് വിലാസം | https://www.csb.co.in<br>www.evotingindia.com |
| (h) | വിദൂര/ ഇ-വോട്ടിംഗ് സംബന്ധിച്ച പരാതികൾ പരിഗണിക്കുവാൻ ഉത്തരവാദിത്ത്വപ്പെട്ട വ്യക്തിയുടെ സമ്പർക്ക വിശദവിവരങ്ങൾ | ശ്രീ. രാകേഷ് ഡാൽവി, സീനിയർ മാനേജർ, CDSL<br>Central Depository Services (India) Limited, A Wing 25th floor, Marathon Futurex, Mafatlal Mill Compounds N.M Joshi Marg, Lower Parel (East), Mumbai 400013 or send email to helpdesk.evoting@cdslindia.com or call toll free no. 1800 22 55 33. |

6. വാർഷിക പൊതുയോഗ അറിയിപ്പ് അയച്ചതിന് ശേഷം ഓഹരികൾ കരസ്ഥമാക്കുന്നതും അപ്രകാരമുള്ള ഓഹരികൾ കട്ട് ഓഫ് തീയ്യതിയായ 2022 സെപ്തംബർ 20-ാം തീയ്യതിയും കൈവശം വെയ്ക്കുന്നതുമായ ഉടമകൾക്ക് helpdesk.evoting@cdslindia.com എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷിച്ചാൽ വിദൂര/ഇ-വോട്ടിങ്ങിനുള്ള ലോഗിൻ ഐഡിയും പാസ്സ്‌വേർഡും ലഭിക്കുന്നതാണ്. എന്നാൽ ഇ-വോട്ടിംഗ് സംവിധാനത്തിനായി CDSL ൽ മുൻപ് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് വോട്ട് ചെയ്യുവാനായി നിലവിലുള്ള അതേ ലോഗിൻ ഐഡി പാസ്സ്‌വേർഡ് എന്നിവ ഉപയോഗിക്കാവുന്നതാണ്. കട്ട് ഓഫ് തീയ്യതിയിൽ അംഗമല്ലാത്തവരോ/അംഗം അല്ലാതാവുകയോ ചെയ്തിട്ടുള്ള വ്യക്തികൾ ഈ നോട്ടീസും അതിലെ കാര്യങ്ങളും ഒരു വിവരം ആയി മാത്രം കാണേണ്ടതാണ്.
7. താഴെ പറയുന്നവയിലേക്ക് ഓഹരി ഉടമകളുടെ ശ്രദ്ധ ക്ഷണിക്കുന്നു:

   a. വാർഷിക പൊതുയോഗത്തിൽ VC/OAVM സംവിധാനമുപയോഗിച്ച് പ്രമേയങ്ങളിൽ വോട്ട് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താൽ വോട്ടെടുപ്പിൽ നിന്ന് വിലക്കിയിട്ടില്ലെങ്കിൽ, പൊതുയോഗ സമയത്ത് ലഭ്യമായ ഇ-വോട്ടിംഗ് സൗകര്യമുപയോഗിച്ച് വോട്ട് ചെയ്യാവുന്നതാണ്.

   b. ഇ-വോട്ടിംഗ് സംവിധാനം ഉപയോഗിച്ച്, വാർഷിക പൊതുയോഗത്തിന് മുൻപ് വോട്ട് രേഖപ്പെടുത്തിയ ഓഹരിയുടമകൾക്കും വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാവുന്നതാണെങ്കിലും, അവർക്ക് വീണ്ടും വോട്ട് രേഖപ്പെടുത്താനുള്ള അർഹത ഉണ്ടായിരിക്കുന്നതല്ല.

   c. കട്ട് ഓഫ് തീയ്യതിക്ക്, അംഗത്വ രജിസ്റ്ററിലോ ഡിപ്പോസിറ്ററി പക്കലുള്ള ബെനഫിഷ്യൽ ഓണർ രജിസ്റ്ററിലോ പേര് രേഖപ്പെടുത്തിയിട്ടുള്ളവർക്ക് മാത്രമേ വിദൂര/ഇ-വോട്ടിംഗ് സംവിധാനവും വാർഷിക പൊതുയോഗ സമയത്ത് ഇ-വോട്ടിംഗ് സം വിധാനവും ഉപയോഗിക്കാൻ അർഹതയുള്ളൂ.

   d. ഓഹരിയുടമകളുടെ വോട്ടവകാശം ബാങ്കിങ് റഗുലേഷൻ ആക്ട് 12 (2) ാം വകുപ്പ്, 2016 ജൂലൈ 21 ാം തീയ്യതിയിലെ DBR, PSBD, No 1084/16.13.100/201617 ാം നമ്പർ ഗസ്റ്റ് വിജ്ഞാപനം എന്നിവ പ്രകാരമുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായ കട്ട് ഓഫ് തീയ്യതി ആയ സെപ്തംബർ 20, 2022 ചൊവ്വാഴ്ച ബാങ്കിന്റെ അടച്ചുതീർത്ത ഇക്വിറ്റി ഓഹരി മൂലധനത്തിൽ അവരവരുടെ പങ്കിന്റെ അനുപാതത്തിലായിരിക്കും.

   e. വാർഷിക പൊതുയോഗം തുടങ്ങുവാൻ നിശ്ചയിച്ചിരിക്കുന്ന സമയത്തിന് 30 മിനിറ്റ് മുമ്പായി remote e-voting ലോഗിൻ പാസ്സ്‌വേർഡ് മറ്റു വിവരങ്ങൾ ഉപയോഗിച്ചും നോട്ടീസിൽ പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചും ഓഹരിയുടമകൾക്ക് VC/OAVM സൗകര്യം വഴി വാർഷിക പൊതുയോഗത്തിൽ ചേർന്ന് പങ്കെടുക്കാവുന്നതാണ്. VC/OAVM ഉപയോഗിച്ച് യോഗത്തിൽ പങ്കെടുക്കുവാനുള്ള സൗകര്യം ഓഹരിയുടമകൾക്ക് ആദ്യം വരുന്നവർക്ക് ആദ്യം എന്ന അടിസ്ഥാനത്തിൽ ലഭ്യമാകുന്നതാണ്.
8. ഡീമാറ്റ് ആയും കടലാസ് രൂപത്തിലും ഓഹരികൾ കൈവശം വെച്ചിട്ടുള്ള ഓഹരി ഉടമകൾക്ക് വിദൂര വോട്ടിംഗ് ചെയ്യുന്ന രീതി വാർഷിക പൊതുയോഗ നോട്ടീസിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ ബാങ്കിന്റെ വെബ്സൈറ്റിലും ലഭ്യമാണ്. ഓഹരി ഉടമകൾ അത്തരം വിശദ വിവരങ്ങൾക്കായി https://www.csb.co.in സന്ദർശിക്കണമെന്നും അഭ്യർത്ഥിക്കുന്നു.
9. ഓഹരികൾ ഡീമാറ്റായി കൈവശം വെയ്ക്കുന്ന ഓഹരി ഉടമകൾ അവരവരുടെ ഇ-മെയിൽ വിലാസം, മൊബൈൽ നമ്പർ എന്നിവ ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റ് മുഖാന്തിരം, അതാത് ഡിപ്പോസിറ്ററികൾ സമക്ഷം, രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം അപ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഓഹരികൾ കടലാസ് രൂപത്തിൽ കൈവശം വയ്ക്കുന്ന ഓഹരി ഉടമകൾ 2021-2022 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട്, 101 ാമത് വാർഷിക പൊതുയോഗ അറിയിപ്പ്, വിദൂര/ഇ-വോട്ടിംഗ്, VC/OAVM എന്നിവയിലൂടെ വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാനുള്ള നിർദ്ദേശങ്ങൾ എന്നിവ ലഭിക്കുന്നതിനായി അവരുടെ ഇ-മെയിൽ വിലാസം, മൊബൈൽ നമ്പർ എന്നിവ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം ബാങ്കിന്റെ രജിസ്ട്രാർ ആൻഡ് ഷെയർ ട്രാൻസ്ഫർ ഏജന്റായ Link Intime India Private Limited സമക്ഷം coimbatore @linkintime.co.in എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.
10. ഓഹരികൾ ഡീമാറ്റായി കൈവശം വെക്കുന്ന ഓഹരിയുടമകൾ ഇ-മെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം 16 അക്ക DPID-CLID അഥവാ ബെനിഫിഷ്യറി ID, പേര്, ക്ലയന്റ് മാസ്റ്റർ ലിസ്റ്റ് അഥവാ ഏകീകരിക്കപ്പെട്ട അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, സ്വയം സാക്ഷ്യപ്പെടുത്തിയ സ്കാൻ ചെയ്ത പാൻ കാർഡ്, ആധാർ കാർഡ് കോപ്പികൾ എന്നിവ investors@csb.co.in എന്ന ഇ-മെയിൽ വിലാസത്തിൽ വാർഷിക പൊതുയോഗത്തിൽ വിദൂര ഇ-വോട്ടിംഗ്/ ഇ-വോട്ടിംഗ് സംവിധാനം വഴി വോട്ട് രേഖപ്പെടുത്തുവാൻ User ID, പാസ്സ്‌വേർഡ് എന്നിവ ലഭിക്കുവാനായി അയക്കേണ്ടതാണ്. അല്ലാത്തപക്ഷം ബദലായി മേൽക്കാര്യത്തിന് മേൽ പറഞ്ഞ രേഖകൾ സഹിതം helpdesk.evoting@cdsindia.com എന്ന ഇ-മെയിൽ വിലാസത്തിലും അപേക്ഷിക്കാവുന്നതാണ്.
11. ഡീമാറ്റ് രൂപത്തിൽ ഓഹരികൾ കൈവശം വെയ്ക്കുന്ന വ്യക്തിഗത ഓഹരിയുടമകൾക്ക് ഡിപ്പോസിറ്ററികളായ CSDL, NSDL മുഖാന്തിരം login ചെയ്യുന്നതിനെ സംബന്ധിച്ചുള്ള സാങ്കേതിക പ്രശ്നങ്ങളുടെ ഹെൽപ് ഡെസ്ക്.

| **ലോഗിൻ ചെയ്യുന്ന വിധം** | **ഹെല്പ് ഡെസ്ക് വിവരങ്ങൾ** |
|---|---|
| CDSL-ൽ ഡീമാറ്റ് ആയി ഓഹരികൾ കൈവശം വെയ്ക്കുന്ന വ്യക്തിഗത ഓഹരിയുടമകൾ. | Login ചെയ്യുവാൻ സാങ്കേതിക പ്രശ്നങ്ങൾ നേരിടുന്ന ഓഹരിയുടമകൾ CSDL ഹെൽപ് ഡെസ്കിനെ helpdesk.evoting@cdsindia.com എന്ന ഇ-മെയിൽ വിലാസത്തിൽ ഇ-മെയിൽ അഭ്യർത്ഥനയായോ ടോൾ ഫ്രീ നമ്പറായ 1800 22 55 33 ൽ വിളിച്ചോ ബന്ധപ്പെടാവുന്നതാണ്. |
| NSDL-ൽ ഡീമാറ്റ് ആയി ഓഹരികൾ കൈവശം വെക്കുന്ന വ്യക്തിഗത ഓഹരിയുടമകൾ. | Login ചെയ്യുവാൻ സാങ്കേതിക പ്രശ്നങ്ങൾ നേരിടുന്ന ഓഹരിയുടമകൾ NSDL ഹെൽപ് ഡെസ്കിനെ e-voting@nsdl.co.in എന്ന ഇ-മെയിൽ വിലാസത്തിൽ ഇ-മെയിൽ അഭ്യർത്ഥനയായോ ടോൾ ഫ്രീ നമ്പറുകളായ 1800-1020 990, 1800-22 44 30 എന്നിവയിൽ ഫോൺ വിളിച്ചോ ബന്ധപ്പെടാവുന്നതാണ്. |

12. ന്യായവും സുതാര്യവുമായ രീതിയിൽ ഇ-വോട്ടിംഗ് പ്രക്രിയ നടത്തുന്നതിലേക്കായി കമ്പനി സെക്രട്ടറിയും SVJS & Associates മാനേജിങ് പാർട്ട്ണറുമായ ശ്രീ.പി.ഡി. വിൻസെന്റ് അവർകളെ സൂക്ഷ്മപരിശോധകനായി നിയമിച്ചിട്ടുണ്ട്.
13. മേൽ പറഞ്ഞിട്ടുള്ള സർക്കുലറുകൾ പ്രകാരം വാർഷിക പൊതുയോഗ നോട്ടീസ്, വാർഷിക റിപ്പോർട്ട് എന്നിവ ഓഹരി ഉടമകൾക്ക് തപാലിൽ അയക്കുന്നതല്ല എന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

## ബുക്ക് ക്ലോഷർ

കമ്പനീസ് ആക്ട് 2013, സെക്ഷൻ 91, കമ്പനീസ് (മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ) റൂൾ 2014, റൂൾ 10 എന്നിവ പ്രകാരം 101-ാമത് വാർഷിക പൊതുയോഗത്തിന്റെ ഭാഗമായി അംഗങ്ങളുടെ രജിസ്റ്റർ, ഓഹരി കൈമാറ്റ രജിസ്റ്റർ എന്നിവ സെപ്തംബർ 21 2022 മുതൽ സെപ്തംബർ 27, 2022 (രണ്ട്ദിവസവും ഉൾപ്പെടെ) വരെ ക്ലോസ് ചെയ്യുന്നതായിരിക്കുമെന്നും കൂടി ഇതിനാൽ അറിയിക്കുന്നു.

## നോട്ടീസ്, വാർഷിക റിപ്പോർട്ട് എന്നിവ ലഭിക്കുന്നതിനായി രജിസ്ട്രാർ ആൻറ് ഷെയർ ട്രാൻസ്ഫർ ഏജൻറ് (RTA) പക്കൽ ഇ-മെയിൽ വിലാസം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്.

ഓഹരിയുടമകൾക്ക് നോട്ടീസും 2021-22 വാർഷിക റിപ്പോർട്ടും ഇലക്ട്രോണിക്ക് മാർഗത്തിലൂടെ ലഭിക്കുന്നതിനും വോട്ട് ചെയ്യാനുള്ള സൗകര്യം ഒരുക്കുന്നതിനും വേണ്ടി രജിസ്ട്രാർ ആന്റ് ഷെയർ ട്രാൻസ്ഫർ ഏജന്റ് M/S Linkintime India Private Limited ന്റെ പക്കൽ ഇ-മെയിൽ വിലാസം രജിസ്റ്റർ ചെയ്യുവാനായി ബാങ്ക് രജിസ്ട്രാറുമായി ചേർന്ന് പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് അതുപ്രകാരം ഇ-മെയിൽ വിലാസം ബാങ്ക്/RTA/DP പക്കൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത അർഹരായ ഓഹരിയുടമകൾ ആയത് https://web.linkintime.com /Email _ Register. html എന്ന വെബ് ലിങ്ക് സന്ദർശിച്ച് M/s Link Intime India Private Limited ന് അയക്കുവാൻ / ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു.

**ബോർഡിന്റെ ഉത്തരവുപ്രകാരം**
**സി.എസ്.ബി ബാങ്ക് ലിമിറ്റഡിന് വേണ്ടി**
**ഒപ്പ്/-**
**സിജോ വർഗ്ഗീസ്**
**കമ്പനി സെക്രട്ടറി**

**തൃശ്ശൂർ | സെപ്റ്റംബർ 5, 2022**

**CSB BANK LIMITED**
Regd. Office: "CSB Bhavan", St. Mary's College Road, Post Box No.502, Thrissur – 680 020, Kerala, India
Tel:+91 0487 2333020 | Fax: 0487 2338764 | Website: www.csb.co.in | E-mail: board@csb.co.in
Corporate Identity Number: L65191KL1920PLC000175

advt 44x12.2cm